പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.3992

18.10.2011ൽ
മറുപടിക്ക്

# ഭാരതപ്പുഴയും റിവർ മാനേജ്മെന്റ് ഫണ്ടും

ചോദ്യം
ശ്രീ.എം.ഹംസ :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ട് ഓരോ ജില്ലകളിലും എത്ര വീതം ഉണ്ട് ; | (എ)<br>പാലക്കാട് - 9,40,25,106/- രൂപ<br>തൃശ്ശൂർ - 19,64,68,410/- രൂപ<br>മലപ്പുറം - 47,11,60,012/- രൂപ |
| (ബി) ആർ.എം.എഫ് ഉപയോഗപ്പെടുത്തി പാലക്കാട് ജില്ലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ; ഓരോന്നിനും എത്ര തുക വീതം അനുവദിച്ചു ; | (ബി) പറളി പാലത്തിന് സമീപമുള്ള ചെക്ക് ഡാമിന്റെ അറ്റകുറ്റ പണി നടത്തുക. പുഴയുടെ ഇരുവശങ്ങളിലും മുള വച്ചു പിടിപ്പിക്കുക, മലമ്പുഴ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സമീപം ചെക്ക് ഡാം നിർമ്മിക്കുക, മലമ്പുഴ ചെക്ക് ഡാമിനും പാറളി ചെക്ക് ഡാമിനുമിടയിലുള്ള പുഴയുടെ ഇരുകരകളിലും മുള വച്ചു പിടിപ്പിക്കുക, പറളി തിരുവാഞ്ചി ശിവ ക്ഷേത്രത്തിനു മുന്നിലായുള്ള ഭാഗത്ത് കടവ് കെട്ടുക മുതലായ 2 കോടി 25 ലക്ഷം രൂപ എസ്റ്റിമേറ്റ് വരുന്ന പുഴ സംരക്ഷണത്തിനുതകുന്ന നിർദ്ദേശങ്ങൾ പാലക്കാട് ജില്ലാ കളക്ടറിൽ നിന്ന് ലഭിക്കുകയും ആയത് 21.2.2011-ൽ കൂടിയ സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റിയിൽ വെയ്ക്കുകയും പാലക്കാട് ജില്ലാ കളക്ടറേറ്റിൽ നിന്നും ആരും മീറ്റിംഗിൽ പങ്കെടുക്കാൻ എത്താത്തതിന്റെ അടിസ്ഥാനത്തിൽ ആയത് മാറ്റി വെയ്ക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങൾ അടുത്ത സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റിയിൽ വെച്ച് പരിശോധിക്കുന്നതാണ്. |
| (സി) പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയുടെ തീരങ്ങളിൽ ഓരോ കടവുകളിലും എത്ര വിതം മണൽ പാസുകൾ ആണ് അനുവദിച്ചിട്ടുള്ളത് ; | (സി) വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) മണൽ കടവുകൾ മാറ്റി നിശ്ചയിക്കണമെന്ന ആവശ്യം സർക്കാർ പരിഗണനയിലുണ്ടോ ? | (ഡി) സർക്കാരിന്റെ പരിഗണനയിലില്ല |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.